പണി മാത്രമേ ചെയ്യാനുള്ളു. കോൺട്രാക്ടറുടെ കരാർ ക്യാൻസൽ ചെയ്തിട്ടുണ്ട്. അടിയന്തിരമായി ഡിപ്പാർട്ടുമെന്റ് ഏറ്റെടുത്ത് ഈ പാലത്തിന്റെ പണി പൂർത്തിയാക്കണം. ബഹുമാനപ്പെട്ട മന്ത്രിയുടെ മുൻപിൽ ഞാൻ ഈ കാര്യങ്ങൾ സമർപ്പിച്ചതിനു പുറമേ ഡിപ്പാർട്ടുമെന്റ് ഇക്കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. അതുകൊണ്ട് അടിയന്തിരമായി മൈലമൂട് പാലം പണി പൂർത്തിയാക്കണം. ഇനി വളരെക്കുറച്ചു പണി മാത്രമേയുള്ളു. അതോടൊപ്പം ഇരുമ്പു പാലത്തിലൂടെ ഗതാഗതം നിയന്ത്രിച്ച് വലിയ ലോഡുകൾ കൊണ്ടുപോകാത്ത തരത്തിൽ ലൈറ്റ് വെഹിക്കിൾസ് മാത്രം കൊണ്ടുപോകാനും ആർമി എൻജിനീയറിംഗ് വിംഗിനെ ഉപയോഗിച്ച് താൽക്കാലിക പാലം നിർമ്മിക്കാനുമാവശ്യമായ നടപടി യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ) : സർ, കാലപ്പഴക്കംകൊണ്ട് സ്റ്റീൽ ഗർഡറുകൾ ദ്രവിച്ചതിനാൽ തിരുവനന്തപുരം ചെങ്കോട്ട റോഡിൽ കിലോമീറ്റർ 38-600-ലുള്ള ഇരുമ്പുപാലം അപകടാവസ്ഥയിലാണ്. ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ പാലം വിശദമായി പരിശോധിക്കുകയും അപകടാവസ്ഥ സൂചിപ്പിക്കുന്ന ബോർഡ് പ്രദർശിപ്പിക്കാൻ നടപടിയെടുക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെ 'കെൽ' (KEL) പരിശോധന നടത്തിയിട്ടുണ്ട്. അപകടമുണ്ടാകാൻ സാദ്ധ്യതയുള്ളതിനാൽ കെൽ-നെ ഈ പണി ഏൽപ്പിക്കാനുള്ള നടപടി സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്. പുതിയ പാലത്തിന്റെ സൈറ്റ് സർവ്വേ ഇതിനകം നടത്തി pavement തയ്യാറാക്കൽ ചെയ്തുവരുന്നു. എത്രയും പെട്ടെന്ന് ഇതിനാവശ്യമായ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി തുടർനടപടികൾ ആരംഭിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. മൈലമൂട് പാലത്തിന്റെ കരാറുകാരൻ പണി നിർത്തിയതുകൊണ്ട് കരാർ റദ്ദ് ചെയ്തു. പണി പുനരാരംഭിക്കാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. ഈ പറഞ്ഞ എക്സിക്യൂഷൻ അടക്കമുള്ള വിഷയം ഗവൺമെന്റിന്റെ മുൻപിലുണ്ട്. അത് എത്രയും വേഗം പരിഗണിക്കുന്നതാണ്.

(4) ആലുവ-ഏലൂർ പഞ്ചായത്തിൽ മേത്താനം കടവിൽ പാലം നിർമ്മിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. മുഹമ്മദാലി : സർ, സംസ്ഥാനത്തെ വ്യവസായ മേഖലയായ ഏലൂർ പഞ്ചായത്തിൽ അടിയന്തിര പ്രധാന്യമുള്ള പാലം നിർമ്മിക്കണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. മേത്താനം കടവിൽ പാലം നിർമ്മിക്കേണ്ടതിന്റെ ആവശ്യം വർദ്ധിച്ചിരിക്കുകയാണ്. ഈ അടുത്ത ദിവസം എച്ച്.ഐ.എൽ-ൽ ഒരു വലിയ അഗ്നിബാധയുണ്ടായി. ഏലൂർ പ്രദേശം ഒരു ഐലന്റാണ്. അവിടെനിന്ന് ജനങ്ങൾക്ക് ഓടി രക്ഷപ്പെടാൻപോലും കഴിയുന്നില്ല. അതുകൊണ്ടുതന്നെ HIL, Indian Rare Earths, FACT തുടങ്ങിയ കേരളത്തിലെ പ്രമുഖ വ്യവസായസ്ഥാപനങ്ങൾ ഉള്ള ഏലൂരിൽ പലപ്പോഴും പലതരത്തിലുള്ള അപകടങ്ങളും, പ്രശ്നങ്ങളു മുണ്ടാകാറുണ്ട്. അങ്ങനെ അപകടങ്ങളുണ്ടാകുമ്പോൾ ഓടിരക്ഷപ്പെടാൻ പോലും കഴിയാത്ത ഒരു സ്ഥിതിയാണ് അവിടെയുള്ളത്. അതുകൊണ്ട് മേത്താനം കടവിൽ അടിയന്തിരമായി ഒരു പാലം നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ) : സർ, എറണാകുളം ജില്ലയിൽ ആലുവ-ഏലൂർ പഞ്ചായത്തിലെ മേത്താനം കടവിൽ പെരിയാറിന് കുറുകെ ഒരു പാലം നിർമ്മിക്കണമെന്ന തദ്ദേശവാസികളുടെ ആവശ്യത്തിന് സർക്കാർ സജീവ പരിഗണന നൽകിയിട്ടുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട മെമ്പർ പല തവണ എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഈ പാലം യാഥാർത്ഥ്യമാകുന്നതോടെ ഏലൂർ മേഖലയുൾക്കൊള്ളുന്ന വ്യവസായ മേഖലയുടേയും അതിൽ വരുന്ന പഞ്ചായത്തുകളുടേയും സമഗ്ര വികസനം സാദ്ധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. മേത്താനം പാലത്തിന്റെ സർവ്വേ ജോലി ഇതിനകം പൂർത്തിയായിട്ടുണ്ട്. Boring പണികൾ നടന്നുവരുന്നു. പാലത്തിന്റെ ഡിസൈൻ തയ്യാറാക്കുന്നതിനും നബാർഡ് പദ്ധതിയിലുൾപ്പെടുത്തി ഈ പാലം എത്രയുംവേഗം നിർമ്മിക്കുന്നതിനുമുള്ള തീവ്രശ്രമം നടന്നുവരുന്നു.

(5) ബേപ്പൂർ പോർട്ടിന്റെ വികസനം

ശ്രീ. വി. കെ. സി. മമ്മത്കോയ : സർ, ബേപ്പൂർ പോർട്ടിന്റെ വികസനത്തിനു വേണ്ടി കോഴിക്കോട്ടെ ഹാരിസൺസ് ഗ്രൂപ്പുമായി 2003 ജനുവരി മാസം ജിം-ൽ എം.ഒ.യു. ഒപ്പുവയ്ക്കുകയുണ്ടായി. തുടർന്ന് ഗവൺമെന്റുമായി ചർച്ച ചെയ്ത് ആവശ്യമായ എല്ലാ നടപടികളും പൂർത്തിയാക്കി അതിന്റെ പ്രോജക്ട് ഗവൺമെന്റിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഇത് ഗവൺമെന്റിൽ സമർപ്പിച്ചിട്ട് അതിൻമേൽ യാതൊരു നടപടിയും നടന്നിട്ടില്ല. ഗവൺമെന്റ് ജിം-ലുള്ള പ്രവർത്തനങ്ങൾ തടസ്സമാകുന്നതിന് പല കാരണങ്ങളും ഇവിടെ പറയാറുണ്ട്. അങ്ങനെയുള്ള തടസ്സത്തിനുള്ള കാരണങ്ങളൊന്നും ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല. ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള കാലതാമസം മാത്രമാണ് കണ്ടുവരുന്നത്. അതുകൊണ്ട് അടിയന്തിരമായി ഇതിന്റെ പ്രവൃത്തി ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 2003 ജനുവരി 18, 19 തീയതികളിൽ കൊച്ചിയിൽ നടന്ന ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ ബേപ്പൂർ തുറമുഖ വികസനത്തിനുവേണ്ടി ഒരു ധാരണാപത്രം ഹാരിസൺസ് ഗ്രൂപ്പുമായി ഒപ്പുവച്ചു. 250 കോടി രൂപ ചെലവുവരുന്ന ഒരു പദ്ധതിയാണ് ബേപ്പൂർ തുറമുഖ വികസനത്തിന് സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ളത്. Waste Water House Scoopers എന്ന കൺസൾട്ടൻസി സ്ഥാപനം മുഖേന ഹാരിസൺസ് ഗ്രൂപ്പ് തയ്യാറാക്കിയ വിശദമായ പഠന റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്. തിരുവനന്തപുരം ക്യാപ്പിറ്റൽ റീജിയൺ ഡെവലപ്മെന്റ് പദ്ധതിയുടെ സാമ്പത്തിക സാങ്കേതിക ഉപദേഷ്ടാക്കളായ I.L. and F.S. Infrastructural Development Corporation എന്ന സ്ഥാപനവുമായി ബേപ്പൂർ തുറമുഖ വികസനത്തിനുവേണ്ടി സാമ്പത്തിക-സാങ്കേതിക ഉപദേശം

LIBRARY ARCHIVES Kerala Legislative Assembly